# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.3892

20/07/2015 ൽ
മറുപടിയ്ക്ക്

### കൊണ്ടോട്ടി താലൂക്ക് ഓഫീസിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊണ്ടോട്ടി താലൂക്ക് ഓഫീസിന്റെ നിർമ്മാണത്തിന് വേണ്ടി കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത് സൗജന്യമായും നിലവിൽ ഗ്രാമ പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്നതിന്റെ അടുത്തുള്ളതുമായ 50 സെന്റ് സ്ഥലം നൽകിയിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും രണ്ടു കോടി രൂപ അനുവദിച്ചതിന്റെ ഭരണാനുമതി ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇതിനായി നൽകിയ ഭൂമി തരംമാറ്റുന്നത് സംബന്ധിച്ച് 29902/L1/14 ഫയലിൽ നടന്ന ഉന്നതതല യോഗത്തിന്റെ തീരുമാനങ്ങൾ എന്താണെന്ന് വിശദമാക്കുമോ ; | (സി) | കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭൂമി പഞ്ചായത്ത് ഭൂമിയായി റിലിംഗ്വിഷ് ചെയ്യുന്നതിനുള്ള നിർദ്ദേശം തണ്ണീർത്തട കമ്മിറ്റിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയ ശേഷം തുടർനടപടികൾ എടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | തരം മാറ്റുന്നതു സംബന്ധിച്ച നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; | (ഡി) യും (ഇ) യും | കൊണ്ടോട്ടി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള സ്ഥലം പരിവർത്തനപ്പെടുത്തുന്നതിനുള്ള നിർദ്ദേശം 17/1/2014 ലെ സംസ്ഥാനതല സമിതി യോഗത്തിൽ |

| | | |
|---|---|---|
| (ഇ) | സ്ഥലവും ഫണ്ടും ലഭിച്ചിട്ടും പൊതു ആവശ്യത്തിന് ഭൂമിയുടെ തരംമാറ്റം നടക്കാത്തത് സംബന്ധിച്ച് അന്വേഷണം നടത്തി ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ ? | പരിശോധിക്കുകയും പ്രസ്തുത ഭൂമി നെൽ വയലായതിനാൽ മറ്റൊരു കര ഭൂമി കണ്ടെത്തേണ്ടതാണെന്ന് തീരുമാനിക്കുകയും ചെയ്തു. പകരം ഭൂമി കണ്ടെത്തിയാൽ മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ